സി.എം.എസ് എൽ.പി
സ്കൂൾ മണ്ണാർക്കാട്

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

2025-2026

# ഉള്ളടക്കം


| | പേജ് |
|---|---|
| 1. പ്രാഥമിക വിവരങ്ങൾ | 3 |
| 2. ആമുഖം | 4-6 |
| 3. കാഴ്ചപ്പാട് | 7 |
| 4. നേരിടുന്ന വെല്ലുവിളികൾ | 8 |
| 5. പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ | 9-10 |
| 6. തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ | 11 |
| 7. അക്കാദമിക മാസ്റ്റർ പ്ലാൻ - പൊതുധാരണകൾ | 12 |
| 8. സമൂഹബന്ധ ആസൂത്രണരേഖ | 13 |
| 9. പ്രത്യേക പരിപാടികൾ | 14 |
| 10. അക്കാദമിക പ്രവർത്തനങ്ങൾ | 15 |

# സി.എം.എസ് എൽ പി സ്കൂൾ മണർകാട്

## പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| സ്കൂൾ സ്ഥാപിച്ച വർഷം | : 1904 |
| ജില്ല | : കോട്ടയം |
| വിദ്യാഭ്യാസ | : |
| | : |
| ഉപജില്ല | : പാമ്പാടി |
| മേൽവിലാസം | : C.M.S LP School<br>Manarcad p.o<br>Kottayam<br>686019 |
| സ്കൂൾ കോഡ് | : 33517 |
| ക്ലാസ് | : |
| ബ്ലോക്ക് | : പാമ്പാടി |
| പഞ്ചായത്ത് | : മണർകാട് |
| ഇ മെയിൽ അഡ്രസ്സ് | : cmslps1904@gmail.com, |
| പ്രധമാധ്യാപകന്റെ പേര്, | : റെഞ്ജി ഡേവിഡ് |
| ഫോൺ നമ്പർ | 9074798340 |

# ആമുഖം

സി.എം.എസ് മിഷനറിമാരുടെ മണർകാട് ദേശത്തിലെ പ്രവർത്തന ചരിത്രം ആരംഭിക്കുന്നത് 1819 ആണ്. 1904-ൽ മണർകാട് പ്രദേശത്തുള്ള സാധാരണക്കാരായ ആളുകളുടെ വിദ്യാഭ്യാസത്തിനായി കേരളത്തിൽ C.M.S മിഷനറിമാർ സ്ഥാപിച്ച ആദ്യത്തെ 10 വിദ്യാലയങ്ങളിൽ ഒന്നാണ്. C.M.S L.P.S മണർകാട് ആധുനിക കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് അടിത്തറ പാകിയ Rev. Henry Baker ആണ് C.M.S L.P.S മണർകാട് സ്ഥാപിച്ചത്. മണർകാട് പ്രദേശത്തുള്ള ആളുകൾ പ്രൈമറി വിദ്യാഭ്യാസം നേടിയിരുന്നത് ഈ വിദ്യാലയത്തിലാണ്.

ഔദ്യോഗികമായി ഇവിടെ ഒരു സ്കൂൾ ആരംഭിക്കുന്നത് ബഹുമാനിതനായ ആർച്ച് ഡീക്കൻ കോശി കോശിയുടെ പ്രവർത്തന ഫലം 1892 ലാണ്. സാമൂഹ്യ വ്യവസ്ഥയിൽ ഏറെ പിന്നോക്കം നിന്നിരുന്ന ഒരു ജനസമൂഹത്തെ ജീവിതത്തിന്റെ ആധുനികതയിലേക്ക് കൈപിടിച്ചുയർത്താൻ ഈ വിദ്യാലയം മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. കാലത്തിനനുസരിച്ച് വിദ്യാഭ്യാസ മേഖലയിലുണ്ടായ പുരോഗതിയുടെ ഫലമായി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതിന്റെ സമീപ പ്രദേശ-

അടുത്ത് സ്ഥാപിതമായെങ്കിലും ഇന്നും ഈ വിദ്യാലയം അതിന്റെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നു

ഭിന്നശേഷിക്കാരും ഉയർന്ന ശേഷിക്കാരും അടങ്ങുന്നോരായ നിലയിൽ നിലകൊള്ളുന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. കുട്ടിയെ പൂർണ്ണ ചിന്തയിലേക്ക് സർഗ്ഗാത്മകതയുടെ പുതിയ മാനങ്ങളിലേക്ക് എത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെ അറിയുന്നവരുടെ, അറിഞ്ഞവരുടെ വഴികാട്ടം തരുന്നവരുടെ, വിവിധ മേഖലകളിൽ നിപുണരായവരുടെ, ഗണിതത്തിന്റെ സൂക്ഷ്മതല അപഗ്രഥനത്തിലൂടെ നേടിയ വിദ്യാർത്ഥി സമൂഹം നാളെയുടെ സുവർണ്ണ നാമ്പുകളാണ്. മുന്നോട്ടുള്ള പഠനം അനായാസകരമായി കൊണ്ടുപോകുന്നതിന് സാധിക്കും. ഇത് അധ്യാപകർ PTA, പൂർവ്വ വിദ്യാർത്ഥികൾ, വിരമിച്ച അധ്യാപകർ മറ്റ് അഭ്യുദയകാംക്ഷികൾ ഇവരുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെ സാധ്യമാകും.

സർവ്വോപരി മനുഷ്യനെ മനുഷ്യനായി കാണാനും പരസ്പരം അംഗീകരിക്കാനും ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കാനും മുതിർന്നവരെ അനുസരിക്കാനും ഓരോ കുട്ടിയെയും പ്രാപ്തനാക്കും. ഓരോ കുട്ടിയും ഈ കാര്യങ്ങളെപ്പറ്റി ബോധവാനായെങ്കിലേ വിദ്യാഭ്യാസം അതിന്റെ പൂർണ്ണതയിലെത്തി എന്ന് പറയാൻ സാധിക്കുകയുള്ളൂ. ഇതിനായി മൂല്യാധിഷ്ഠിത ക്ലാസുകൾ സംഘടിപ്പിക്കും.

വൈവിധ്യമാർന്നതും നിരന്തരമായ അന്വേഷണങ്ങളിലൂടെയും ~~[illegible]~~ പൊതുവിദ്യാഭ്യാസത്തെ കരുത്തുറ്റതാക്കി തീർക്കാമെന്ന വ്യക്തമായ കാഴ്ചപ്പാടോടെ ഞങ്ങൾ ഒത്തൊരുമിച്ച് ഈ യത്നത്തിൽ പങ്കെടുക്കുന്നു.

# അക്കാദമിക കാഴ്ച്ചപ്പാട്

കേരളത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹത്തിനെ സൃഷ്ടിക്കും വിധം എല്ലാ കുട്ടി-കൾക്കും വൈവിധ്യമാർന്ന അനുഭവം ഒരുക്കുന്നതിന് വേണ്ടി കൂട്ടായി പ്രവർത്തിക്കുക എന്ന കാഴ്ച്ച-പ്പാടിൽ നിന്നുകൊണ്ടാണ് വിദ്യാലയ പ്രവർത്തന-ങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

കുട്ടികളുടെ കഴിവ് വിഷയ പഠനരീ-തിയിൽ ഒതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവു-കളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസ-നം ലഭ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കൈവരിച്ചോ എന്ന് ഉറപ്പ് വരുത്തുക എന്ന കാഴ്ച്ചപ്പാടിലൂടെ വിദ്യാലയ പ്രവർത്തന-ങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടതാണ്.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണമെങ്കിൽ സ്കൂളിന് തനതായ ഭൗതിക സാഹചര്യങ്ങൾ ആവശ്യമാണ്. വിപുലമായ

ലൈബ്രറി, ഐ.സി.ടി അധിഷ്ഠിത ക്ലാസ്, ലാപ്ടോപ് സംവിധാനം, വിനോദോപാധികൾ, കലാപരിപോഷണത്തിനുള്ള പദ്ധതികൾ, ഹെൽത്ത് ക്ലബ് മുതലായവ ഉൾപ്പെടുന്നു.

പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും. PTA/MPTA എന്നിവയുടെ ഫലപ്രദമായ സഹായം പിന്തുണ വിദ്യാലയ പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തും.

സ്കൂൾ തല ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗരേഖ തയ്യാറാക്കുകയും ഇതിനായി പ്രചാരണ ബോധവൽക്കരണ പരിപാടികൾ, വിദഗ്ധരുടെ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കും. ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽനിന്ന് ഒഴിവാക്കാനും അവയ്ക്കെതിരായ മനോഭാവം വളർത്താനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കും.

ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാനുള്ള സംവിധാനം സ്കൂൾ കാമ്പസിൽ ഉണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നത് ഒരു ശീലമായും ജീവിത രീതിയായും സ്കൂൾ ഘട്ടത്തിൽ തന്നെ മനസ്സിലാക്കാൻ ഇതു മൂലം സാധിക്കുന്നു.

കീടനാശിനികളുടെ അശാസ്ത്രീയ ഉപയോഗത്തിനെതിരെ പ്രചാരണം നടത്തുന്നതിലൂടെ കുട്ടികൾ ദോഷവശങ്ങളെപ്പറ്റി ബോധവാന്മാരാകുന്നു. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായി കൃഷിരീതിയിൽ പരിചയപ്പെടുത്തും. ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് പ്രവർത്തിക്കാം.

# തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ

- വിദ്യാലയത്തിന്റെ ദർശനം സംബന്ധിച്ച ധാരണ പ്രതിഫലിപ്പിക്കും.
- വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക മികവിനുള്ള വഴികൾ വരച്ചുകാട്ടും.
- വിദ്യാലയം മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യപ്രാപ്തീകരണത്തിനായി സ്വീകരിക്കേണ്ട വഴികളും തന്ത്രങ്ങളും വ്യക്തമാക്കും.
- അക്കാദമിക പുരോഗതിയിലേക്കുള്ള പടവുകൾ വ്യക്തമാക്കും.
- അക്കാദമിക വിഭവ വിനിയോഗം, സാങ്കേതിക വിദ്യയുടെ വിനിയോഗം, അക്കാദമിക സൂക്ഷ്മാസൂത്രണം, കുട്ടികൾക്ക് ലഭിക്കുന്ന സവിശേഷ അവസരങ്ങൾ ഇവയ്ക്കുള്ള മാർഗരേഖയാകും.
- വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനുള്ള അയവുള്ള ചട്ടക്കൂടായി പ്രവർത്തിക്കും.

# അക്കാദമിക മാസ്റ്റർ പ്ലാൻ-പൊതു ധാരണകൾ

* പ്രതികരണമുണർത്തുന്നതും പ്രചോദനാത്മകവും ആകണം.

മുഴുവൻ കുട്ടികളുടെയും അറിവിനെയും കഴിവിനെയും താല്പര്യത്തെയും ഉൾക്കൊള്ളുന്നതും മുന്നോട്ട് നയിക്കാൻ വഴികാട്ടുന്നതുമാകണം.

വസ്തുനിഷ്ഠം യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട്, വിദ്യാലയം ലക്ഷ്യങ്ങൾ നിർവ്വചിക്കുക.

ഹ്രസ്വകാല, മധ്യകാല, ദീർഘകാല പ്രവർത്തനപദ്ധതികൾ അടങ്ങിയതായിരിക്കും.

തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ അന്തിമ രേഖയായിരിക്കില്ല. ഉയർന്നു വരുന്ന അക്കാദമിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ നവീകരിക്കപ്പെടുന്നതും ശാസ്ത്രീയമാക്കപ്പെടുന്നതും ആയ രേഖയായിരിക്കും

# പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ

- 1 മുതൽ 4 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടും
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- മികച്ച ശാരീരിക - മാനസിക - വൈകാരിക - ആരോഗ്യം ഉറപ്പാക്കും.
- മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

ആരോഗ്യപരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ തലത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക. വിദ്യാലയ പ്രവർത്തനങ്ങൾക്കു പിന്തുണയും മേൽനോട്ടവും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

- സഹപാഠ്യമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മേഖലകളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.
- പഠനത്തെ പരിസര ബന്ധിതവും ജീവിത ഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ ക്യാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമാർജ്ജന അവബോധം, വിമർശന അവബോധം, എന്നിവ ഉണ്ടാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
- സമയബന്ധിതമായ ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുക.

# അക്കാദമിക പ്രവർത്തനങ്ങൾ

- വൈവിധ്യ അക്കാദമിക പ്രവർത്തനങ്ങളും ഇവിടെ രേഖപ്പെടുത്താം.
- വിഷയ ബന്ധിതമായി രേഖപ്പെടുത്തുന്നത് സൂക്ഷ്മതലത്തിലുള്ള ആസൂത്രണത്തിന് സഹായകമാവും
- ഇങ്ങനെ തയ്യാറാക്കുമ്പോൾ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി തലങ്ങളുടെ സവിശേഷതകൾകൂടി പരിഗണിച്ചുകൊണ്ട് ലക്ഷ്യങ്ങൾ നിർവ്വചിക്കേണ്ടതും അതനുസരിച്ച് പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കേണ്ടതും.
- ഇങ്ങനെ ചെയ്യുമ്പോൾ സവിശേഷ കഴിവുള്ള കുട്ടികളുടെ പഠനാവശ്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.
- ഒരോ പ്രവർത്തന പദ്ധതിയും ആസൂത്രണം ചെയ്യേണ്ട വിധം സമയബന്ധിതമായും ഉദ്ദേശിച്ച ലക്ഷ്യം സാധിതമാകുന്ന വണ്ണമുള്ളതും ഉറപ്പാക്കാനാവശ്യമായ സ്വയം വിലയിരുത്തൽ രീതി ശാസ്ത്രവും പദ്ധതിയും രേഖപ്പെടുത്തണം.

ഇതോടൊപ്പം

# സ്കൂൾ വിളംബരം ചെയ്യുന്ന നന്മകൾ

* ആവശ്യത്തിന് ക്ലാസ്സ് മുറികളുണ്ട്.
* കുട്ടികൾക്കുള്ള കായിക, ശാരീരിക, മാനസിക ഉല്ലാസത്തിനായി വിശാലമായ കളിസ്ഥലം.
* 700 ൽ അധികം പുസ്തകങ്ങളുള്ള ലൈബ്രറി.
* പഠനത്തെ ആസ്വാദ്യകരമാക്കുന്നതിന് ലാപ്ടോപ്പ്, LCD പ്രൊജക്ടർ, ഇന്റർനെറ്റ് സേവനം
* ആവശ്യത്തിന് ടോയ്‌ലറ്റ് സൗകര്യം.
* ആധുനിക സൗകര്യങ്ങളുള്ള അടുക്കള
* എല്ലാ ക്ലാസ്സുകളിലും Waste Bin ക്രമീകരിച്ചിരിക്കുന്നു.
* കുട്ടികളിലെ മാനസികോല്ലാസത്തിനു വേണ്ടി നിർമ്മിച്ചിരിക്കുന്ന കുട്ടികളുടെ പാർക്ക്.
* പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിന് ക്വിസ് പരമ്പര.

# നേരിടുന്ന വെല്ലുവിളികൾ

* വിദ്യാഭ്യാസരംഗത്തെ രണ്ട് തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ
* ഇവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും വാർത്തെടുക്കൽ.
* പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കൽ
* രക്ഷിതാക്കളിൽ ഗുണമേന്മ, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.
* ഇതിനെല്ലാം അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കൽ, പുത്തൻ കടമാബോധം സ്വാംശീകരിക്കൽ.
* കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിന് വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതികസാധ്യതകൾ പ്രയോജനപ്പെടുത്തൽ
* നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ
* സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കൽ

**മേഖല** : അക്കാദമികം

**ഉപമേഖല** : ഭാഷാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികളും ഫലപ്രദമായി മലയാള ഭാഷ വായിക്കുന്നു, എഴുതുന്നു. | 1. പഠനനില കണ്ടെത്തൽ. (പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ). | ജൂൺ (ആദ്യ വാരം). | അധ്യാപകർ. | |
| | 2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ. (അക്ഷരങ്ങൾ ഉറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോടെ. | | | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തൽ. | 1. മികച്ച രചനകൾ ഒരുക്കൽ. പ്രവർത്തനാധിഷ്ഠിത രീതിയിൽ തയ്യാറാക്കിയ ടീച്ചിംഗ് മാന്വലിന്റെ സഹായത്തോടെ ഐ.സി.ടി. സാധ്യത ഉൾപ്പെടുത്തി പഠനം ആകർഷകമാക്കുക. പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് മുറിയിൽ നടക്കേണ്ട രചനാപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കൽ. | ജൂലൈ - മാർച്ച് | അധ്യാപിക | |
| | 2. മലയാളത്തിളക്കത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. | ജൂലൈ - മാർച്ച് | അധ്യാപിക | |

| | | | |
|---|---|---|---|
| കുട്ടികളുടെ പഠന നിലവാരം പരിഗണിച്ചുകൊണ്ട് വായനാസാമഗ്രികളുടെ ഫലപ്രദമായ ഉപയോഗത്തോടെ പഠനപുരോഗതി ലക്ഷ്യം വെക്കുന്നു. | ◦ പാഠസംബന്ധമായ വായനാകാർഡുകൾ അവതരിപ്പിക്കൽ<br>◦ വായനാക്കാർഡുകളിലെ ആശയം വ്യക്തിഗതമായി വായിക്കുകയും ആശയം ഭാഷയിലൂടെ അവതരിപ്പിക്കുകയും ചെയ്യൽ.<br>◦ പ്രത്യേക ചിഹ്നം, അക്ഷരം മുൻനിർത്തി പരിശീലനം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | 1. പഠന നില കണ്ടെത്തൽ | ജൂലൈ രണ്ടാമത്തെ ആഴ്ച. | ഇംഗ്ലീഷ് ടീച്ചർ. SR.G. | |
| | 2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ ശേഖരിക്കൽ. | ജൂൺ - മാർച്ച്. | H.M. ഇംഗ്ലീഷ് ടീച്ചർ. SRG. | |
| | 3. ഇംഗ്ലീഷിലുള്ള അസംബ്ലി. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. | |
| | 4. ഒരു ദിവസം ഒരു ഇംഗ്ലീഷ് പരിപാടി എല്ലാ ക്ലാസിലും. | പ്രതിദിനം | ഇംഗ്ലീഷ് അധ്യാപിക. | |

മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സാധ്യത. |
|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കുന്നു. | 1. ഒന്ന് മുതൽ നാല് വരെ പഠനത്തിന് സഹായകരമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. | ജൂൺ അവസാനം. | ക്ലാസ് ടീച്ചർ. | |
| | 2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ, ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ. | ജൂലൈ മുതൽ. | അധ്യാപകർ S.R.G. | |
| | 3. സാമഗ്രികൾ വാങ്ങൽ. | ജൂലൈ | H. M S.R.G. | |

| | | | | |
|---|---|---|---|---|
| | 4. പി.ടി.എ. യോഗത്തിൽ ശാസ്ത്രമേള സംബന്ധിച്ച അവതരണം. സാമഗ്രികളുടെ ശേഖരണം. | ജൂലൈ രണ്ടാമത്തെ ആഴ്ച. | H.M SR.G. | |
| | 5. പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല സ്കൂൾ പഠനോപകരണ നിർമ്മാണം. | | | |
| | 6. ശാസ്ത്രമേള ക്രമീകരണങ്ങൾ. | സെപ്റ്റംബർ. | ക്ലാസ് ടീച്ചർ. | |
| | 7. പരീക്ഷണശാല - 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിപ്പിക്കൽ. | ഡിസംബർ | പ്രധാനാധ്യാപകൻ SR.G. | |
| | 8. ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ, | ഡിസംബർ | ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| | 9. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | | | |
| | 10. ശാസ്ത്രീയാവബോധം വളർത്തിയെടുക്കുന്നതിനുവേണ്ടി ബോധവത്കരണ ക്ലാസുകൾ. | | | |
| | 11. ശാസ്ത്രോത്സവം. | ഫെബ്രുവരി. | പ്രധാനാധ്യാപകൻ | |

മേഖല : അക്കാദമികം
ഉപമേഖല : കലാവിദ്യാഭ്യാസം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഓരോ വിദ്യാർഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ അവസരമൊരുക്കൽ. | 1. കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യൽ. | ജൂലൈ-ഫെബ്രുവരി | SRG അധ്യാപകർ. | |
| | 2. പ്രത്യേക സമയം കണ്ടെത്തി, നൃത്തം, സംഗീതം, ചിത്രരചന, അഭിനയം എന്നീ മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾക്കു വേണ്ട പരിശീലനം ഒരുക്കൽ. | ജൂൺ-മാർച്ച് | S.R.G അധ്യാപകർ | |
| | 3. സ്കൂൾ കലോത്സവ വേദികളിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ. | സെപ്-തംബർ | അധ്യാപകർ. | |

മേഖല : അക്കാദമികം
ഉപമേഖല : പ്രവൃത്തി പരിചയ പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പ്രവൃത്തി പരിചയ മേഖലയിൽ പരിശീലനം നൽകുക. | 1. പ്രവൃത്തി പരിചയമേഖലയിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനെക്കുറിച്ച് എസ്.ആർ.ജി.യിൽ തീരുമാനിക്കൽ. | ജൂൺ | അധ്യാപകർ | |
| | 2. വിദഗ്ധ അധ്യാപകരുടെ മേൽനോട്ടത്തിൽ രക്ഷിതാക്കൾ, അധ്യാപകർ, എന്നിവർ പരിശീലനം നൽകൽ. | ജൂൺ ആഗസ്റ്റ് | അധ്യാപകർ. | |
| | 3. പരിശീലനം ലഭിച്ച അധ്യാപകരുടെയും രക്ഷിതാക്കളുടെയും നേതൃത്വത്തിൽ കുട്ടികൾക്കുള്ള പരിശീലനം നൽകൽ. | | | |

| | | | | |
|---|---|---|---|---|
| | 4. സബ്ജില്ലാ മത്സരത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി കുട്ടികൾക്ക് പരിശീലനം നൽകൽ. | സെപ്തംബർ. | | |
| | 5. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് ഉള്ള പരിപാടികളിൽ കുട്ടികളുടെ സർഗപരമായ കഴിവുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. | മാർച്ച് | അധ്യാപകർ. സ്കൂൾ വികസന സമിതി. | |